# പ്രതികരണങ്ങൾ — 33



പ്രതികരണങ്ങൾ — 33
വായനക്കാർ
(മലയാളം: പ്രതികരണങ്ങൾ)

The electronic versions have been created by making use of the production infrastructure of River Valley Technologies.

The electronic versions were generated from sources marked up in LaTeX in a computer running GNU/LINUX operating system. PDF was typeset using XeTeX from TeXLive 2020 and the cloud framework, Ithal (ഇതൾ). The base font used was traditional script of Rachana, contributed by KH Hussain, et al. and maintained by Rachana Institute of Typography. The font used for Latin script was Linux Libertine developed by Philipp H. Poll.

The electronic versions are released under the provisions of Creative Commons Attribution Non-commercial ShareAlike license for free download and usage.

Cover: Falcon on a Perch, a painting, 1600.

**Sayahna Foundation**
JWRA 34, Jagathy, Trivandrum, India 695014
URL: www.sayahna.org

# പ്രതികരണങ്ങൾ

## പി. എഫ്. മാത്യൂസ്: വനജ

**അല്ലക്ക അബ്ദുൽ ഗഫൂർ:** പി. എഫ്. മാത്യൂസിന്റെ 'വനജ' എന്നിൽ ഒരുപാട് ബാല്യകാല സ്മരണകൾ ഉണർത്തി. സെന്റ് ആൽബർട്സും, കച്ചേരിപ്പടിയും, കസബയും, കോമ്പാറയും, പിന്നെ ആ വലിയ ബംഗ്ലാവും എനിക്ക് പരിചിതമാണ്. അമ്പതുകളുടെ അവസാനവും, അറുപതുകളുടെ തുടക്കത്തിലുമായി കുറച്ച് വർഷങ്ങൾ ഞങ്ങൾ ആ പരിസരത്ത് താമസിച്ചിരുന്നു. മാത്യൂസ് പറയുന്ന ഇന്തോ-പാക് യുദ്ധത്തിന് മുൻപ് 62-ലെ ചൈനീസ് ആക്രമണത്തിനെതിരേ നടന്ന പ്രതിഷേധ റാലിയിൽ തെക്ക് നിന്ന് ചിറ്റൂർ റോഡിലൂടെ കച്ചേരിപ്പടിയിലെത്തിയവരുടെ കൂട്ടത്തിൽ മൂന്നാം ക്ലാസ്സുകാരനായിരുന്ന ഞാനുമുണ്ടായിരുന്നു. മാത്യൂസിന് നന്ദി.

## ദാമോദർ പ്രസാദ്: ആമസോൺ —ആരുടെ ആത്മനിർഭരത

**കെ. ജി. എസ്.:** ഇന്നലെ വന്ന ദാമോദർ പ്രസാദിന്റെ 'ആമസോൺ—ആരുടെ ആത്മനിർഭരത' ഇന്ന് വായിച്ചു. ഇന്ന് വായിച്ചിരിക്കേണ്ട വെളിവ്.

**ടി. ആർ. വേണുഗോപാലൻ:** ദാമോദർ പ്രസാദിന്റെ ലേഖനം ശ്രദ്ധേയം. ഇരുപത്തിയൊന്നാം നൂറ്റാണ്ടിൽ നാം അഭിമുഖീകരിക്കാൻ പോകുന്ന തൊഴിൽജീവന സംസ്കൃതിയുടെ അന്ത്യം. നമ്മുടെ അതിജീവനപോരാട്ടങ്ങൾ വീണ്ടെടുക്കേണ്ടതുണ്ട്, നമ്മുടെ മഹത്തായ കർഷകസമരത്തിലെന്നപോലെ.

**കെ. വിനോദ് ചന്ദ്രൻ:** നമ്മുടെ മസ്തിഷ്കത്തെ, ദൈനംദിന ജീവിതത്തെ, ഇച്ഛയെ, സ്വപ്നങ്ങളെ, രുചികളെ, താല്പര്യങ്ങളെ, കോളനീകരിക്കുന്ന നവീനമായ ഒരു അധിനിവേശ വാഴ്ചയെപ്പറ്റിയുള്ള ഞെട്ടിക്കുന്ന വെളിപ്പെടലുകളാണ് ദാമോദർ പ്രസാദിന്റെ ലേഖനം. തൊഴിലുകളെ, തൊഴിൽ സംസ്കാരങ്ങളെ, മാനുഷികമായ പാരസ്പര്യങ്ങളെ, ഉന്മൂലനം ചെയ്തുകൊണ്ട്, ഉപഭോക്താവിനെ അടിമയാക്കുന്ന, ഡേറ്റയുടെ തമ്പുരാക്കന്മാരും ദൈവങ്ങളുമായി നാം കണക്കാക്കുന്ന, ആമസോൺ, ഗൂഗിൾ, ഫേസ് ബുക്, ആപ്പിൾ തുടങ്ങിയ ആഗോള കോർപ്പറേറ്റ് ഭീമന്മാർ നേതൃത്വം നൽകുന്ന ഈ നവ സാമ്രാജ്യവ്യവസ്ഥയ്ക്കെതിരെ സമരമുഖങ്ങൾ തുറക്കുവാൻ കഴിയുന്ന മുഖ്യ ശക്തി ഉപഭോക്താക്കൾ തന്നെയാണെന്ന് പ്രസാദ് നിർദ്ദേശിക്കുന്നു. 'ആത്മ നിർഭരത' എന്ന മോദിയുടെ മുദ്രാവാക്യത്തിന്റെ യഥാർത്ഥ ഉള്ളടക്കം ആത്മദാസ്യത്തിലേക്ക് നയിക്കുന്ന 'കോർപറേറ്റ്-നിർഭരത' യാണ് എന്ന് പ്രസാദ് സൂചിപ്പിക്കുന്നു. സമകാലീന മുതലാളിത്ത-അധികാര വാഴ്ചയുടെ മർമ്മ പ്രക്രിയകളിലേയ്ക്കും, മൗലികമായ പ്രതിരോധത്തിന്റെയും വിമോചനത്തിന്റെയും രാഷ്ട്രീയ സാധ്യതകളെപ്പറ്റിയും ഉൾക്കാഴ്ച നൽകുന്നുണ്ട് പ്രസാദിന്റെ ലേഖനം. അഭിനന്ദനങ്ങൾ.

## സി. ജെ. തോമസ്: നമ്മുടെ ദേശീയ പത്രങ്ങൾ

**കെ. സച്ചിദാനന്ദൻ:** സി. ജെ.-യുടെ കുറിപ്പ് വായിച്ചപ്പോൾ ഓർമ്മിച്ചത് സത്യം മരിക്കുന്ന നാലു വഴികളെക്കുറിച്ച് വിക്ടോർ ക്ലെംപറർ എഴുതിയതാണ് (The Language of the Third Reich, 1947) 1. നുണ, അതായത് വസ്തുതകൾ നിർമ്മിച്ചെടുക്കൽ, 2. ആവർത്തനം, 3. അന്യോന്യ വിരുദ്ധമായ—ഒന്ന് മറ്റേതിനെ അസാദ്ധ്യമാക്കുന്ന—വാഗ്ദാനങ്ങൾ, 4. അന്ധമായ വിശ്വാസം (trust) ഇതെല്ലാം ഇന്നും അതേ പടി തുടരുന്നു. ദൃശ്യമാദ്ധ്യമങ്ങളും മാദ്ധ്യമമത്സരവും ഭരണകൂടത്തെ സന്തോഷിപ്പിക്കാനുള്ള അവയുടെ മത്സരവും അവയുടെ ഉടമസ്ഥതയുടെ വർഗ്ഗ സ്വഭാവവും ഇതെല്ലാം ശത ഗുണീകരിച്ചിട്ടുണ്ടെന്നു മാത്രം. ഒരു പാർട്ടിയും പത്രവും ചാനലും അപവാദമല്ലെന്നായിരിക്കുന്നു. ഞാൻ കാണാറുള്ള ഒരേയൊരു ചാനൽ ND TV ആയിരുന്നു. എന്നാൽ അതു പോലും കർഷക സമരം കൈകാര്യം ചെയ്യുന്ന രീതി എന്നെ ഹതാശനാക്കിയിരിക്കുന്നു എന്നു പറയാതെ വയ്യ. ഞാൻ ചില സമര ഗ്രൂപ്പുകളിലുള്ളതുകൊണ്ടു മാത്രമാണ് സത്യം അറിയുന്നത്.

**എൻ. പി. രാജേന്ദ്രൻ:** സി. ജെ. തോമസ്സിന്റെ ലേഖനം എന്നെ അത്ഭുതപ്പെടുത്തി. ഇന്നലെ എഴുതിയതു പോലെ ഒരു ഭാഷയിൽ എട്ടു പതിറ്റാണ്ടോളം മുമ്പ് എഴുതുക! ഭാഷ എത്ര ആധുനികമാണ്. ആഗോള സംഭവങ്ങളോടുള്ള മലയാള പത്രങ്ങളുടെ പ്രതികരണം എത്ര വിഭാഗീയവും കക്ഷി രാഷ്ട്രീയ-വർഗ്ഗ താല്പര്യ പ്രേരിതവും ആണെന്ന് തോമസ് ബോധ്യപ്പെടുത്തുന്നു. കാമ്പുള്ള ഇത്തരം കൂടുതൽ ലേഖനങ്ങൾക്ക് കാത്തിരിക്കുന്നു...

**കരുണാകരൻ:** സി. ജെ.-യുടെ ലേഖനം വായിക്കുമ്പോൾ സുന്ദരരാമ സ്വാമിയുടെ ജെ. ജെ. ചില കുറിപ്പുകൾ (വിവ: ആറ്റൂർ രവി വർമ്മ) എന്ന നോവലും ഓർക്കുകയായിരുന്നു. ഇന്ത്യയ്ക്ക് സ്വാതന്ത്ര്യം കിട്ടുന്നതിനും മുമ്പാണ് സി. ജെ. ഈ ലേഖനം എഴുതിയിരിക്കുന്നത്. ഇപ്പോഴും, ഒരുപക്ഷേ, ഇനിയുള്ള കാലത്തും, പത്രധർമ്മത്തെ പ്രതിയാവും ഈ ലേഖനം പ്രസക്തമാവുക. (ഗദ്യത്തിന്റെ ഭംഗി എന്തൊരു ഭംഗി!). അല്ലെങ്കിലും ആ വാക്കും കൃത്യവും നോക്കു: "ധർമ്മം". എപ്പോഴും മേഘാവൃതമായൊരു വാക്കാണ് അത്. ചിലപ്പോൾ വെളിച്ചത്തിൽ പലപ്പോഴും ഇരുളിൽ. അതിനാൽ എക്കാലത്തും അങ്ങനെയൊരു സമയത്തെപ്പറ്റി പറയാൻ ആരെങ്കിലും ഉണ്ടാകും. ജെ. ജെ. ചില കുറിപ്പുകൾ തുടങ്ങുന്നത് മറ്റൊരു എഴുത്തുകാരന്റെ / പത്രപ്രവർത്തകന്റെ കൂടി ഓർമ്മയിലാണ്: ആൽബേർ കാമുവിന്റെ. ഇപ്പോഴും തീരാത്ത ഒരു ജീവിതത്തിന്റെ വളരെ മുമ്പേ നടന്ന അകാല മരണം, സി. ജെ.-യുടെതുപോലെ, ഓർമ്മിയ്ക്കുന്നു—രണ്ടും 1960-ൽ.

(ജനുവരി 31 മുതൽ ഫെബ്രുവരി 6 വരെ ലഭിച്ച പ്രതികരണങ്ങളാണ് ഈ ലക്കത്തിലുള്ളത്.)

RIVER VALLEY
DIGITAL LIBRARY
*empowering the author …*

- “റിവർ വാലി പ്രസ്” എന്ന ലേബലിൽ, സായാഹ്ന ആറു മാസത്തിലൊരിക്കൽ മുൻനിര എഴുത്തുകാരുടെ ഇരുപതു് പുസ്തകങ്ങൾ വീതം ഡിജിറ്റൽ പ്രസാധനം നടത്തുന്നു. ഈ സേവനത്തിന്റെ വാർഷിക വരിസംഖ്യ:

| രാജ്യം | കറൻസി | വരിസംഖ്യ |
|---|---|---|
| ഇന്ത്യ (119 വീതം ആറു മാസത്തിലൊരിക്കൽ) | രൂപ | 238 |
| യുഎസ്, കാനഡ | യുഎസ് ഡോളർ | 10 |
| യൂറോപ് | യൂറോ | 10 |
| മറ്റു വികസിത രാഷ്ട്രങ്ങൾ | യുഎസ് ഡോളർ | 10 |
| ഖത്തർ | റിയാൽ | 20 |
| യുഎഇ | ദിർഹം | 20 |
| സൗദി അറേബ്യ | റിയാൽ | 20 |
| കുവൈറ്റ് | ദിനാർ | 2 |
| ഒമാൻ | ദിനാർ | 2 |
| ബഹ്റിൻ | ദിനാർ | 2 |
| മലേഷ്യ | റിങ്ഗിറ്റ് | 25 |

- എഴുത്തുകാരെ ശക്തിപ്പെടുത്തുക, നല്ല വായനാവിഭവങ്ങൾ ചെറുതുകയ്ക്കു വായനക്കാർക്കു ലഭ്യമാക്കുക, ഇന്റർനെറ്റിനെയും സാങ്കേതിക മുന്നേറ്റത്തെയും സാംസ്കാരികവളർച്ചയ്ക്കു് ഉപയോഗിക്കുക എന്നിവയാണു് പ്രധാനലക്ഷ്യങ്ങൾ.
- എല്ലാതരം സ്മാർട്ട്ഫോണുകളിലും വായിക്കുവാൻ പറ്റിയ തരത്തിലാണു് ഉള്ളടക്കം ലഭ്യമാക്കുക.
- ഈ പദ്ധതിയിൽ താല്പര്യം തോന്നുന്നുവെങ്കിൽ ഇവിടെ രജിസ്റ്റർ ചെയ്യുക. (രജിസ്റ്റർ ചെയ്യുമ്പോൾ പണം/കാർഡ് വിവരങ്ങൾ നല്കേണ്ടതില്ല.)
- കുടുംബാംഗങ്ങൾക്കു്/സുഹൃത്തുക്കൾക്കു് സമ്മാനം രജിസ്റ്റർ ചെയ്യുക.
- കൂടുതൽ വിവരങ്ങൾ അറിയാൻ:
  1. ഡിജിറ്റൽ പ്രസാധനനയം
  2. സായാഹ്നയെക്കുറിച്ചു അറിയുക
  3. Who’s who
  4. സായാഹ്ന ഫോൺ പിഡിഎഫുകൾ
  5. സായാഹ്ന ഗ്രന്ഥശേഖരം
  6. സായാഹ്ന വിക്കി
- പ്രതികരണങ്ങൾ <info@sayahna.org> എന്ന ഇമെയിലിലേയ്ക്കു് അയയ്ക്കുക.

സായാഹ്ന ഫൗണ്ടേഷൻ, ജഗതി, തിരുവനന്തപുരം 695014